# പൾസ് ബീറ്റ്

## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

## GHS VETTILAPPARA









ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാഗസിൻ 2024




പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ ലീറ്റിൽ കൈറ്റ് വിജയകുതിപ്പിന്റെ പാതയിലാണ് . ക്ലബിലെ കുട്ടികൾ വിവരവിനിമയ സാങ്കേതിക വിദ്യയിലൂടെ വാനിലുയർന്നു പറക്കുന്നു. കുട്ടികളുടെ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന "**പൾസ് ബീറ്റ്** " ഡിജിറ്റൽ മാഗസ്സിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും കുട്ടികൾക്കും എല്ലാവിധ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

**ലൗലി ജോൺ**

ഹെഡ്മിസ്ട്രസ്



വെറ്റിലപ്പാറ ഗവ:ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബിലെ കുട്ടികളുടെ അക്ഷീണ പ്രവർത്തനത്തിന്റെ ഫലമായാണ് " പൾസ് ബീറ്റ് " എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത് . ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ നേരുന്നു.

ആശംസകളോടെ,

റോജൻ പി.ജെ
സീനിയർ അസിസ്റ്റന്റ്



# ആശംസകൾ

2023-24 അദ്ധ്യയന വർഷം ഈ വിദ്യലയത്തിൻ നടപ്പിലാക്കിയ എല്ലാ പ്രവർത്തനങ്ങളിലും നൂതനസങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ആത്മസമർപ്പണത്തോടെ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ പ്രവർത്തനം തികച്ചും മാതൃകപരമാണ്. ആത്മാർത്ഥയോടെ പ്രവർത്തിക്കുന്ന കാലോചിമായ മാർഗ്ഗ നിർദ്ദേങ്ങൾ നൽകി യൂണിറ്റിന് നേതൃത്വം നൽകുന്ന അദ്ധ്യാപകരുടെയും കുട്ടികളുടെയും കൂട്ടായ പ്രവർത്തനങ്ങളെ അനുമോദികുന്നു. വായനയുടെ, എഴുത്തിന്റെ അനന്ത സാദ്ധ്യതകൾ തരുന്ന വെർച്വൽ വേൾഡ് ലേക്ക് സമർപ്പിക്കുന്ന ' പൾസ് ബീറ്റ് ' ഡിജിറ്റൽ മാസികക്ക് ആശംസകൾ നേരുന്നു.




കുഞ്ഞിമുഹമ്മദ് എ കെ

കൈറ്റ് മാസ്റ്റർ



ഡോ.ദിവ്യ കെ കെ

കൈറ്റ് മിസ്ട്രസ്



# EDITORIAL BOARD



LOVELY JOHN
(Headmistress)


ROJAN PJ
(Sr.Assist)


KUNHI MOHAMED AK
(KITE Master)


DIVYA KK
(KITE Mistress)


JOSHY JOSEPH
(Cheif Editor)


MUNAVVAR ALI
(Student Editor)

# STUDENT EDITORS



YAHYA NK



DIYA RAHMAN NK



MUNAVVAR ALI



YUNAS V



RISWAN V



NIHAL A



MIDLAJ A



MUHAMMED BASIM VP



ASMIL M



FATHIMA DIYA



JUNAH O



NIYA NESRIN C



JALLA JALEEL



JITHISHNA



DEVIKA KU



RANA FATHIMA



FATHIMA HIDA



HANA MANSOOR



**LK 2023-26 BATCH**



**LK 2022-25 BATCH**

## ബീറ്റ്സ് തുറക്കുമ്പോൾ

എന്റെ വിദ്യാലയം....................10
കാവലായി എന്നും കവിത....................13
അറിവാണ് ജീവൻ....................14
മധുരമാം ബാല്യകാലം....................15
About LITTLE KITEs....................16
കാവലായി എന്നും....................18
ഒരു കുടയും കുഞ്ഞിപ്പെണ്ണും....................19
മഴ....................20
കുഞ്ഞിപ്പെണ്ണിന്റെ പൊൻമാല....................21
എന്റെ അമ്മ....................22
കവിതകളും പാട്ടുകളും....................23
കോവിഡാനന്തര വിദ്യാഭ്യാസം....................23
ഉപ്പിലിട്ടത്....................25
കാവലായി എന്നും....................26
റോബിൻസൺ ക്രൂസോയുടെ സാഹസങ്ങൾ....................27
....................29
മനസ്സ്....................29
നിധി....................30
IMPACT OF SOCIAL MEDIA ON STUDENTS....................32
2023-24 വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾ....................34
പ്രവേശനോൽസവം....................34



എന്റെ വിദ്യാലയം

കുടിയേറ്റ ഗ്രാമപ്രദേശമായ വെറ്റിലപ്പാറയിൽ ആദ്യമായി സ്കൂൾ ആരംഭിക്കുന്നത് 1962 ജൂലൈ 3 ന് ആണ്. 28 കുടിയേറ്റ കുട്ടികളും 26 ആദിവാസികുട്ടികളും ഒരു അധ്യാപകനുമായി തുടങ്ങിയ ജി.എൽ.പി സ്കൂൾ പിന്നീട് 1981 ൽ യു.പി സ്കൂളായും, 2013 ൽ ഹൈസ്കൂളായും ഉയർത്തി. ഇന്നിപ്പോൾ ആയിരത്തിലേറെ കുട്ടികളും നാൽപ്പതിലേറെ അധ്യാപകരുമായി മുന്നേറിക്കൊണ്ടിരിക്കുന്നു. എല്ലാ സൗകര്യങ്ങളോടു കൂടിയ ഹൈടെക് ക്ലാസ് മുറികളും, ഐ.ടി ലാബും എന്നിങ്ങനെ വിദ്യാർത്ഥികൾക്കായുള്ള എല്ലാ പഠന സൗകര്യങ്ങളും ഇന്ന് ഈ സ്കൂളിൽ ലഭ്യമാണ്.

വണ്ടൂർ വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ വെച്ച് S.S.S ക്ലബ്ബ്, ജിംനേഷ്യം എന്നിവയുള്ള ഏക സ്കൂളാണ് ജി.എച്ച്.എസ് വെറ്റിലപ്പാറ.

പഠന മേഖലയിൽ മികച്ച വിജയമാണ് സ്കൂൾ കരസ്ഥമാക്കിയിരിക്കുന്നത്. SSLC പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടികൊണ്ടിരിക്കുന്നു. മികച്ച വിദ്യാലയത്തിനുള്ള സംസ്ഥാന പി ടി എ അവാർഡ്, മികച്ച കാർഷിക വിദ്യാലയത്തിനുള്ള സംസ്ഥാന അവാർഡ്, മാതൃഭൂമി ജില്ലാ സീഡ് അവാർഡ്, മറ്റ് നിരവധി പുരസ്കാരങ്ങൾ ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. കുട്ടികളുടെ നല്ല ഭാവിക്കായി പ്രത്യേക ക്ലാസുകളും ബോധവൽക്കരണ ക്ലാസുകളും നൽകി വരുന്നുണ്ട്. പെൺകുട്ടികൾ സമൂഹത്തിൽ അനുഭവിക്കുന്ന വെല്ലുവിളികൾ തടയാൻ സ്വയം പ്രതിരോധ ക്ലാസുകൾ ശിശു വികസന വകുപ്പുമായി ചേർന്ന് നൽകുന്നു.

വ്യത്യസ്ത പരിപാടികളോടെ എല്ലാ ദിനാചരണ സന്ദേശങ്ങൾ കുട്ടികളിൽ എത്തിക്കുന്നു. നിർമ്മിത ബുദ്ധി പ്രബലമായി തുടങ്ങുന്ന ഈ കാലഘട്ടത്തിൽ കുട്ടികളെ സന്നദ്ധരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ്, കുട്ടികളിൽ സമൂഹ്യവബോധം വളർത്താൻ വേണ്ടി ജെ.ആർ.സി ക്ലബ്ബും പ്രവർത്തിച്ചു വരുന്നു.

മലയോര ഗ്രാമപ്രദേശമായ വെറ്റിലപ്പാറയിലെ കുട്ടികൾക്ക് ഒരു ആശ്വാസമാണ് ജി.എച്ച്.എസ് വെറ്റിലപ്പാറ സ്കൂൾ. ആറ് പതിറ്റാണ്ടുകളായി തലമുറകൾക്ക് അക്ഷരവെളിച്ചത്തിന്റെ മായാത്ത മുദ്രകൾ സമ്മാനിച്ച് വരുകയാണ് ജി.എച്ച്.എസ് വെറ്റിലപ്പാറ സ്കൂൾ. ജി.എച്ച്.എസ് വെറ്റിലപ്പാറയുടെ പിന്നിട്ട ഓരോ കാൽവെപ്പിലും ഒരു നാടിന്റെ മുഴുവൻ താങ്ങും തണലുമുണ്ടായിരുന്നു. ഊർങ്ങാട്ടിരി പഞ്ചായത്തിലെ ഏക ഗവൺമെന്റ് ഹൈസ്കൂൾ വെറ്റിലപ്പാറയിലാണ്.











## കാവലായി എന്നും

കവിത

അച്ചന്റെ കരുതലറിയാൻ കിട്ടിയില്ലൊ-
രവസരം ബാല്യത്തിൽ
കൊല്ലത്തിലൊരിക്കൽ വരുമ്പോൾ
സന്തോഷം നിറയുമെൻ മനം
കളിച്ചാസ്വദിച്ചു തീരും മുൻപേ
മടക്കയാത്രക്കായ് ഒരുങ്ങുമച്ചൻ,
തിരിച്ചെത്തിക്കഴിഞ്ഞ്
എന്നോടൊത്ത് കളിച്ചില്ല,എങ്കിലും
ഞാൻ കണ്ടു,ആ മനസ്സിൽ
എന്നോടുള്ള കരുതലും സ്നേഹവും.
എന്നെ ശകാരിക്കുമ്പോൾ എന്നോടൊപ്പം
ആ മനസ്സും നൊന്തിരുന്നു.
ഞാനൊന്നു പിണങ്ങിയാൽ
സങ്കടമാണെന്റെ അച്ചന്.
ബാല്യത്തിൽ എന്നോടൊപ്പമുള്ളതിൽ കൂടുതൽ
അച്ചൻ നാടിനു കാവലായ് നിന്നു.
കൊടിയ ചൂടിലും തണുപ്പിലും
നാടിനു കാവലായ് നിന്ന,ഒരു
ജവാന്റെ മകളെന്ന് പറയാൻ,കേൾക്കാൻ
അഭിമാനമാണെനിക്കെന്നും.

## അറിവാണ് ജീവൻ

"വായിച്ചാൽ വളരും വായിച്ചില്ലേലും വളരും വായിച്ചാൽ വിളയും
വായിച്ചില്ലേലും വിളയും"

ലോകം വിരൽത്തുമ്പിലേക്ക് ഒതുങ്ങിയപ്പോൾ നമ്മുടെ കുഞ്ഞുങ്ങൾ പുസ്തകങ്ങളിൽ നിന്ന് അകന്നു കേവലം സർട്ടിഫിക്കറ്റുകളിലോക്ക് മാത്രം ഒതുങ്ങുന്ന അക്കാദമിക്ക് പുസ്തകങ്ങൾ മത്രം വായന അവസാനിക്കുന്ന ലോകം അറിയാതെ പോക്കുന്നു. യഥാർത്ഥത്തിൽ ഇതൊരു അപകടകരമായ അവസ്ഥയാണ് ജോലിക്ക് പോകുന്ന മാതാപിതാക്കളെ സംബന്ധിച്ച് കുട്ടികളുടെ അവധി പേടിസ്വപ്നമാണ് ലോകമെങ്ങുമുള്ള രക്ഷിതാക്കൾ കുറെ കാലമായി പറയുന്ന ഒരു പരാതിയുണ്ട് കുട്ടികൾക്ക് പുസ്തകം വായിക്കാൻ തൽപര്യമില്ല. അവരുടെ വായനശീലം കുറയുന്നു അതുകൊണ്ട് അവര ുടെ വിജ്ഞാന നിലവാരം വേണ്ടത്ര ഉയരുന്നില്ല വായനശീലം വളർന്നാലേ കുട്ടികളുടെ വിദ്യാഭ്യാസം വിജയിക്കൂ ........ പക്ഷെ, എങ്ങനെ വായനശീലം വളർത്താനാക്കും അതിന് നമുക്ക് ചിലത് ചെയ്യാനാവും .

എല്ലാ രക്ഷിതാക്കളും ഒരു കാര്യം മനസിലാക്കണം വായനക്ക് പകരം വായന മാത്രമേയുള്ളു കമ്പ്യൂട്ടറും, ഇന്റർനെറ്റും, സിഡി.ഒക്കെ വിജ്ഞാന സമ്പാദത്തിൻ നല്ലതാണ് പക്ഷെ അതൊന്നു പുസ്തകത്തിൽ പകരമല്ല . വായനശീലം വളരെ ചെറുപ്പത്തിൽ തന്നെ കുട്ടികളിൽ വളർത്തുക കൊചുകുഞ്ഞിന് കളിപ്പാട്ടങ്ങൾ  വാങ്ങിക്കൊടുക്കുന്ന പ്രയത്തിൽ തന്നെ പുസ്തകങ്ങളും വാങ്ങിക്കൊടുക്കണം. ഒന്നും രണ്ടും വയസുകാർക്ക് വലിയ ബഹുവർണചിത്രങ്ങൾ

## മധുരമാം ബാല്യകാലം

ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
തേനൂറുമാമധുരയോർമകാലം
കൂട്ടുകൂടി കളിച്ചു നടന്നതും
കൂട്ടുകാരൊത്ത് നടന്നതും
ഉപ്പു കൂട്ടി കഴിച്ചു മാങ്ങയും
ഉപ്പിലിട്ട പുളി നെല്ലിക്കയും
മാങ്ങയും ചെമ്പനീർ ചാമ്പയും
ഉപ്പു കൂട്ടി കഴിച്ചൊരു കാലം
പകുതി പകുത്തു നൽകിയ കൂട്ടരും
പതിവുപോൽ അടിപിടി കൂടി നടന്നതും
ഇന്നിപ്പോൾ ഓർമ്മകൾ മാത്രം
തട്ടിത്തെറിപ്പിച്ച മഴത്തുള്ളികളും
തിങ്ങി നിറഞ്ഞൊരു സ്കൂളിൻ വരാന്തയും
ഒറ്റക്കുടയിൽ നടന്നൊരു കൂട്ടരും
ഒറ്റക്കെട്ടായ് പഠിച്ചൊരു കാലവും
പടിയിറങ്ങിയ കൊച്ചു വിദ്യാലയവും
പവിത്രമാണെന്റെ ഓർമ്മകാലം
ഇന്നും ഞാനോർക്കുന്നു ആ പോയകാലം
ഇനിയും വരികില്ല ആ ഓർമ്മകാലം......

ദിയ ഫർവിൻ (8A)

# About LITTLE KITEs

Little kites IT club is an initiative of KITE which features more than 1 Lack student members. Students are given intense training in areas such as Animation , Cyber safety , Malayalam computing , Hardware and Electronics

KITE is a state owned special purpose company under department of general education of the government of kerala. The erstwhile IT @ SCHOOL project was transformed into KITE for extending it's scope for operations in AUGUST 2017 . KITE was the first S P V (Special Purpose Vehicle) company to get funded by KIIFB (Kerala Infrastructure and Investment Fund Board)

## HISTORY

IT @ SCHOOL project was established in 2001 and IT campaigns were conducted statewide. Initially, Microsoft had shown interest in the IT @ SCHOOL Project, But this was rejected and government went with FREE SOFTWARE in 2003 , IT became a compulsory subject in state school curriculum with IT practical exams. The transition to the free software was completed in 2006.

In 2017 IT @ SCHOOL project was promoted into a government company named KITE

# TRAINING PROGRAMME

- I C T training: Training given to familiarise the basics of operating system and office software packages and other application software.




- Internet training: This 20 hours training programme was given to all S I T C s and interested school teachers .The trained S I TC then trained all high schools teachers in their school. The government also issued strict instructions that every students STD X in the school should get at least 10 hours of internet exposer per year.
- Camera handling training: 2 Day training on camera handling was given to the teachers enabling them to create educational videos which could be beneficial in implementing I C T enabled education.
- Training on I C T enabled content: Specific training on I C T enabled content was provided to teachers so as to enable them to use I C T enabled content in all subjects in order to equal teachers in classroom transaction.

- Animation training programme for students (A N T S): The project provided training in animated movie making entirely based on FREE AND OPEN SOURCE SOFTWARE such as K TOON, GIMP, OPEN SHOT VIDEO EDITOR and AUDACITY.

BY, Hana Mansoor & Junah 8A

## കാവലായി എന്നും



അച്ചന്റെ കരുതലറിയാൻ കിട്ടിയില്ലൊ-
രവസരം ബാല്യത്തിൽ
കൊല്ലത്തിലൊരിക്കൽ വരുമ്പോൾ
സന്തോഷം നിറയുമെൻ മനം
കളിച്ചാസ്വദിച്ചു തീരും മുൻപേ
മടക്കയാത്രക്കായ് ഒരുങ്ങുമച്ചൻ,
തിരിച്ചെത്തിക്കഴിഞ്ഞ്
എന്നോടൊത്ത് കളിച്ചില്ല,എങ്കിലും
ഞാൻ കണ്ടു,ആ മനസ്സിൽ
എന്നോടുള്ള കരുതലും സ്നേഹവും.
എന്നെ ശകാരിക്കുമ്പോൾ എന്നോടൊപ്പം
ആ മനസ്സും നൊന്തിരുന്നു.
ഞാനൊന്നു പിണങ്ങിയാൽ
സങ്കടമാണെന്റെ അച്ചന്.
ബാല്യത്തിൽ എന്നോടൊപ്പമുള്ളതിൽ കൂടുതൽ
അച്ചൻ നാടിനു കാവലായ് നിന്നു.
കൊടിയ ചൂടിലും തണുപ്പിലും
നാടിനു കാവലായ് നിന്ന,ഒരു

ജവാന്റെ മകളെന്ന് പറയാൻ,കേൾക്കാൻ

അഭിമാനമാണെനിക്കെന്നും.

# ഒരു കുടയും കുഞ്ഞിപ്പെങ്ങളും

ഒരു കുടയും കുഞ്ഞിപ്പെങ്ങളും എന്ന കഥ എഴുതിയത് മുട്ടത്തുവർക്കിയാണ്.ഇതിലെ പ്രധാന കഥാപാത്രങ്ങൾ ലില്ലി, ബേബി, ഗ്രേസി, മാമിതള്ള. ഈ കഥയിൽ പ്രധാനമായി പറയുന്നത് ഏട്ടൻ അനിയത്തിക്കുവേണ്ടി കഷ്ട്ടപെടുന്നതാണ്.ഈ തലക്കെട്ടിൽ പറയുന്ന കുഞ്ഞിപെങ്ങൾ നമ്മുടെ പ്രധാന കഥാപാത്ര ലില്ലിയാണ്.അവൾക്ക് ഒരു ഏട്ടനുണ്ട്.പേര് ബേബി.ലില്ലി എന്ന പറയുന്നത് ഒരു പാവം പെൺകുട്ടയാണ്.ഒരു ഉടുപ്പും ഒരു മുണ്ടും മാത്രമാണ്.ഉടുപ്പാകട്ടെ ആകെ കീറിയതും മുഷിഞ്ഞതുമാണ്. ബേബിയും ഒരു പാവമാണ്. അനിയത്തിക്കുവേണ്ടി എന്തും ചെയ്യാൻ തന്റേടമുള്ള ഒരു കൊച്ചു ഏട്ടനാണ്.ഗ്രേസിയാകട്ടെ ഒരു പണക്കാരിയാണ്. ഓരോ വസ്ത്രം. മിന്നികളിക്കുന്ന ഉടുപ്പുകൾ.ലില്ലിയുടെയും ബേബിയുടെയും അമ്മ ഒന്നര കൊല്ലവും അച്ഛൻ മൂന്ന് കൊല്ലവുമായി മരിച്ചിട്ട്. അവർ ഇപ്പോൾ അവരുടെ അമ്മയുടെ ജ്യേഷ്ഠത്തിയുടെ കൂടയാണ്.അവൾ ഒരു വിദവയാണ് 50 വഴസ്സുള്ള കറുത്ത് തടിച്ച മാമിതള്ള ലില്ലിയോടും ബേബിയോടും നല്ല ദേഷ്യമുണ്ട്. തീരെ കണ്ണിചോരയില്ല .

ഒരിക്കൽ ലില്ലിയും ഗ്രേസിയും ബേബിയും പള്ളിക്കുടത്തിൽ നിന്ന് വരുമ്പോൾ നല്ല മഴ പെയ്യു . അപ്പോൾ ലില്ലിയോട് ബേബി പറഞ്ഞു :നീ ഗ്രേസിയുടെ കുടയിൽ കൂടിക്കോ ഏട്ടൻ വീട്ടിലേക്ക് ഓടിക്കോളാം . ലില്ലി ഗ്രേസിയോട് ചോദിച്ചു : ഞാൻ നിന്റെ കുടയിൽ കൂടട്ടെ അപ്പോൾ ഗ്രേസി പറഞ്ഞു :നിന്റെ മുഷിഞ്ഞ വസ്ത്രവും ചീകാത്ത മുടിയും എന്റെ കുടയിൽ കേറണ്ട അപ്പോൾ ലില്ലിക്ക് സങ്കടമായി ഇതെല്ലാം നമ്മുടെ ഏട്ടനായ ബേബി കാണുന്നുണ്ടായിരുന്നു. ലില്ലി ബേബിയുടെ അടുത്തു ചെന്ന് കാര്യം പറഞ്ഞു ബേബി ഒരു കല്ലെടുത്ത് ഗ്രേസിക്കു നേരെ എറിഞ്ഞു ഗ്രേസിയുടെ നെറ്റിയിൽ തട്ടി അവിടെ മുറിവ് പറ്റി അവളുടെ നല്ല വസ്ത്രത്തിൽ രക്തമായി ലില്ലിയും ബേബിയും വീട്ടിൽ കയറിയില്ല കാരണം മാമിതള്ള ഇത് അറിഞ്ഞിട്ടുണ്ട് ഇനി ബേബിയെ കണ്ടാൽ തല്ലികൊല്ലും അത്രയ്ക്കും ദേശ്യമാണ് മാമിതള്ളക്ക് അന്ന് രാത്രി ലില്ലി കിടന്നതെയില്ല അവൾ ജനലിലൂടെ പുറത്തേക്ക് നോക്കി ബേബിയെ കാണാൻ ഇടയായി താഴെയുള്ള തോട്ടത്തിൽ

നിന്നും ബേബിയെ കണ്ടു എന്നിട്ട് മൗനമായ ശബ്ദത്തിൽ ലില്ലിയെ വിളിച്ചു ലില്ലി അതു കേട്ട് അവൾ മാമിത്തള്ള അറിയാതെ അടുക്കളയിലെ വാതിൽ തുറന്ന് പുറത്തെത്തി എന്നിട്ട് ബേബി പറഞ്ഞു:രണ്ടു ദിവസം കഴിഞ്ഞിട്ട് വരാം മോൾക്ക് നല്ല കുടയും കൊച്ച് ഉടുപ്പും വാങ്ങി വരാം എന്നിട്ട് പോലീസുകാരെ കണ്ടതും ബേബി ഓടി എന്നിട്ട് അകത്ത് കയറി കിടന്നു അമ്മയുള്ളപ്പോൾ അമ്മ പറയുമായിരുന്നു താഴെ പിശാചുകളും മുകളിൽ മാലാഖമാരും ഉണ്ടെന്ന് .

ഇങ്ങനെ െ അനുഭവങ്ങൾ ജീവിതത്തിൽ കടന്നു പോയവരായിരുന്നു നാം.കുറെ മാസത്തിനു ശേഷം ലില്ലിയും ബേബിയും കണ്ടുമുട്ടി അന്നത്തോടെ മാമിതള്ളയുടെ ശല്യവും ഒഴിഞ്ഞുകിട്ടി എന്നിട്ട് ലില്ലിയും ബേബിയും ഒന്നിച്ചു .ഈ മുട്ടത്തുവർക്കി എഴുതിയ ഒരു കുടയും കുഞ്ഞിപെങ്ങളും എന്ന കഥ നമ്മുടെ ചില അനുഭവങ്ങളാണ്

നജ ഫാത്തിമ 8B

---

## മഴ

**കാടില്ല,**
**മരങ്ങളില്ല**
**എങ്ങും മരുഭൂമി**
**മഴയെ ഒന്നു സൂക്ഷിച്ചു**
**നോക്കിയാൽ കാണാം**
**നിറ കണ്ണുകളുമായി**
**ഒരു യാത്രാമൊഴി**
**ചോദിക്കുവാൻ**
**വിതുമ്പി നിൽക്കും പോലെ....**

ഹഫ്നാസ് 8B

# കുഞ്ഞിപ്പെണ്ണിന്റെ പൊൻമാല



തീറ്റ തേടിപ്പോയ കുഞ്ഞൻ കാക്ക മിന്നുന്ന ഒരു പൊൻമാലയുമായാണ്തിരിച്ചെത്തിയത്. കൂട്ടിലെത്തിയത്തും അവനത്അമ്മയെ കാണിച്ചു. “ചേലേറുന്നൊരു പൊൻമാല പള പള മിന്നും പൊൻമാല അമ്മയെ്ക്കെന്നുടെ സമ്മാനം" എന്നാൽ കുഞ്ഞന്റെ അമ്മ അതു സ്വീകരിക്കാൻ കൂട്ടാക്കിയില്ല കുഞ്ഞാ ഇത് കുഞ്ഞിപെണ്ണി നു തന്നെ തിരിച്ചേപ്പികു. അല്ലെങ്കിൽ അബകടമാമണ് അമ്മ അവനെ ഉപദേശിച്ചു.

ഞാനിത് മോഷ്ടിച്ചതൊന്നുമല്ല എനിക്കിത് കുഞ്ഞിപ്പണിന്റെ വീട്ടിലേക്ക് പോണ്ടങ്കിൽ പോണ്ട. ഞാനിത് കഴുത്തിലിടും അവൻ വാശി പിടിച്ചു. കുഞ്ഞന്റ അമ്മ ആവർത്തിച്ചു പറഞ്ഞിട്ടും അവൻ തിരുമാനം മാറ്റിയില്ല. പിറ്റേന്ന് പൊൻമാലയുമണിഞ്ഞ് അവൻ തീറ്റ തേടിയിരങ്ങി.കുഞ്ഞിപ്പെണ്ണിന്റെ പൊൻമാല കാണാതെ വിഷിമാച്ചിരിക്കുകയായിരുന്നു. അവളുടെ അമ്മയും മറ്റും അപ്പൊഴാണ് കുഞ്ഞൻ അവിടെയെത്തിയത്. കുഞ്ഞന്റെ കഴുത്തിലെ പൊൻമാല കണ്ട് കുഞ്ഞിപ്പെണ്ണിന്റെ അമ്മ മുറ്റത്തേക്ക് ഒടിച്ചെന്നു.
“കാക്കക്കുഞ്ഞേ തന്നാലും കുഞ്ഞിപ്പെണ്ണിൻ പൊൻമാല മാല നിനക്കതു ചെരില്ല പകരം നൽകാം പാലപ്പം! "
എന്നാൻ പൊൻമാല തിരിച്ചു നൽകാൻ കുഞ്ഞൻ മനസ്വന്നില്ല അവൻ അതുമായി പറന്നകന്നു.കുഞ്ഞിപ്പെണ്ണിന്റെ വീട്ടുകാര കല്ലും വടിയുമായി കുഞ്ഞന്റെ പിറകെ ചെന്നു.അപ്പോഴേക്കും കുഞ്ഞന്റെ അമ്മയും അവിടെ എത്തി. 'കുഞ്ഞാ വേഗം മാല താഴെയിടൂ, അല്ലെങ്കിൽ ആളുകൾ നിന്നെ ഉപദ്രവിക്കും!'അമ്മ അറിയിച്ചു.

ഭയന്നുപോയ കുഞ്ഞൻ മാല താഴെയിട്ടു.മാല തിരിച്ചു കിട്ടിയപ്പോൾ കുഞ്ഞിപ്പെണ്ണിനുംഅമ്മയ്ക്കും സന്തോഷമായി. അവർ കുഞ്ഞന് വയറു നിറച്ചും ചോറും പലഹാരവും നൽകി.

കൂട്ടുകാരേ, നമ്മുടേതല്ലാത്തതൊന്നും നമ്മൾ സ്വന്തമാക്കാൻ ആഗ്രഹിക്കരുത്.

**നിഹാൽ**

# എന്റെ അമ്മ

എന്റെയമ്മ എൻ ജീവനാണ്
എൻ കരളിൻ കഷ്ണമാണ്
വാക്കുകളാൽ മനോഹരമാണ്
തീരുകയില്ല ആ മനസ്സിലെ സ്നേഹം



ഞാനൊന്നു പുഞ്ചിരിച്ചാൽ
ആ മനസ്സു സന്തോഷിക്കും
എൻ ജീവിതത്തിന്റെ പാതയാണ്
എൻ ജീവൻ അമ്മ
എനിക്കൊരു ചെറിയ പനി വന്നാൽ
ആ മനസ്സ് വല്ലാണ്ട് വേദനിക്കും
എന്നെ മടിയിലിരുത്തി
താലോലിക്കാനും
മുഖത്തൊരു ചുംബനം നൽകാനും
പത്തുമാസം എന്നെ വയറ്റിൽ ചുമന്ന
എൻ അമ്മ മാത്രമാണുള്ളത്
എന്റെ അമ്മ എന്റേതു മാത്രമാണ്
എന്റെ ജീവനാണ്......

ഹിദ 8A

## കവിതകളും പാട്ടുകളും

കവിതകളെല്ലാം മറന്നു പോയകിലും
പാട്ടുകളൊന്നും മറക്കുകില്ല
പാടുന്നപാട്ടിലൊരീണമുണ്ടകിലും
പാടാത്തപാട്ടിനും ഈണമില്ലേ?
കുയിലുകൾ പാടുന്ന പാട്ടിനാണെകിലും
ഈണവും താളവും നൽകിടുമോ?
കാറ്റുകൾ പാടുന്ന പാട്ടിനാണെകിലോ
ഈണവും താളവും വേറെയല്ലേ
പലതരം പാട്ടുകളുമീണങ്ങളും
അമ്മയാം ഭൂമിയിൽ തന്നെയല്ലേ?
അമ്മയാം ഭൂമിയിൽ നമ്മളെല്ലാം
ഒത്തൊരുമിച്ചുകഴിഞ്ഞിടുന്നു
സ്നേഹത്തിൻ പാതയിൽ നീങ്ങിടുന്നു
നന്മയെന്നൊരു കേരളമേ.............

# കോവിഡാനന്തര വിദ്യാഭ്യാസം

2019 ൽ ലോകത്തെ ഒന്നാകെ കീഴടക്കിയ ഒരു ആഗോള മഹാമാരിയായിരുന്നു കൊവിഡ്.അതിനു മുൻപിൽ ചെറിയവനെന്നോ വലിയവനെന്നോ ഇല്ലാതെ കീഴടങ്ങേണ്ടി വന്നു.അതെ,ആ മഹാമാരി ആണ് covid-19(കൊറോണ). സമൂഹത്തെ ഒന്നാകെ ബാധിച്ച മഹാസംഭവമായിരുന്നു അത്.ചൈനയിലെ വുഹാനിലാണ് രോഗം ആദ്യമായി തിരിച്ചറിഞ്ഞതും സ്ഥിരീകരിച്ചകും. പിന്നീട് ഈ പകർച്ച വ്യാധി ലോകം മുഴുവൻ പടർന്നു.ഒരു അണുബോംബ് വർഷിക്കും പോലെ ആയിരുന്നു അത്.ഒട്ടനവധി പേർ കൊറോണ ബാധിച്ച് മരണപ്പെട്ടു. സമൂഹത്തിൻ എല്ലാ മേഖലകളിലും എന്ന പോലെ നമ്മു ടെ അറിവിൻ ലോകമായ വിദ്യാഭ്യാസ രംഗത്തും ഒട്ടനവധി പ്രതിസന്ധികൾ ഈ മഹാമാരി വരുത്തിയിട്ടുണ്ട്. ക്ലാസ് മുറികളിൽ ഒന്നിച്ചിരുന്നുള്ള പഠനരീതിയിൽ നിന്ന് വീടുകളിൽ നിന്ന് ഓൺലൈൻ മുഖാന്തരം പഠനം നടത്തുവാൻ കുട്ടികൾ ശീലിച്ചു തുടങ്ങി എന്നതാണ് കോവിഡ് സൃഷ്ടിച്ച വലിയ മാറ്റം.കോവിഡാനന്തര വിദ്യാഭ്യാസമെന്നത് പരമ്പരാഗത പഠന രീതിയിൽ നിന്ന് അർജിച്ച അറിവുകൾ കോവിഡ് കാലത്ത് നടപ്പിലകിയ ആശയങ്ങളും അധിസ്ഥാനമാക്കി രു പപെട്ടുത്തേണ്ട മാത്രകയനെണ്ണതിൽ സംശയമില്ല .

കേരള സാക്ഷരതാ മിഷനും വിദ്യഭ്യാസ മിഷനും പൊതു വിദ്യാഭ്യാസ മിഷൻ്റെയും സഹകരണത്തോട് കൂടി നിറവതി മാതൃകകൾ നമ്മുടെ കൊച്ചു കേരളത്തിൽ അവലംബിക്കയുണ്ടായി ആദിവാസി ഭാഷ തുടരുന്നു മട്ടു എല്ലാ ഭാഷയിലും വിദ്യഭ്യാസം നെടു ന്നു കുട്ടികൾക്കായി അതേ ഭാഷയിൽ വീഡിയോകൾ ഉണ്ട് ഓൺലൈൻ പഠന വിഷയത്തിൽ അപര്യപ്തമായവർ എത്തിചു നൽകിയ രാഷ്ട്രീയ സാംസ്കാരിക അധ്യാപക സമൂഹത്തിൻ്റെ പ്രവർത്തനങ്ങളും സാങ്കേതികവിദ്യയും ഉപയോകിച്ചനടത്തി വെറുത്തുന്ന അധ്യാപന രീതികളും എല്ലാം അകോല തരത്തിൽ ശ്രദ്ധമയിരുന്നു മാതൃകകളയുന്നു പൂർണമായും മിഗവുറ്റതെന്നോ പിയാവുകളിത്താതെ പറയുവാൻ സാദിക്കുന്നവരില്ലെങ്കിലുമുണ്ട്. എല്ലാം അഭിനന്ദനീയമാണ് എന്നാൽ മാറ്റൊരുബകത്ത് ക്ലാസ് എന്ന കരണം പറഞ്ഞു പാലത്രം

ഗമുകളും പാലതാരം അപ്പുകളും ഉപയോകിച്ച് തുടങ്ങും മുയുവൻ ശ്രദ്ധയും ഫോണിലേക്ക് കൊടുത്ത് ഫോണിന് അധികമായി ആദിത്യ സഹജര്യങ്ങളും ഉണ്ടായി പലവരുടെയും ജീവിതമാർഗം തകർന്ന് ഒരു മാതൃഭൂമിയിലേക്ക് കടക്കുന്ന ഹിന്ദു ലക്ഷക്കണക്കിന് ഓരോ ഈ ദുരന്ദത്തിൻ മുന്നിൽ തലകുനിക്കേണ്ടി വന്നു അതിൽ ചിലർ രക്ഷപ്പെടുത്തി വിദ്യഭ്യാസ സ്ഥാപനങ്ങളും മട്ടു സമൂഹ പരമായ അറിവ് കിട്ടുന്ന സ്ഥംഭനങ്ങളും അടച്ചുപൂണ്ടേന്തി വന്നു സമൂഹത്തിൽ വലിയ ഒരു മട്ടം ആഹ്ൻ കോവിഡ് 19 കൊണ്ട് വന്നത് ഓൺലൈൻ ക്ലാസുകൾ ചിലർക്ക് അത് ഏറ്റവും മിഗച്ച പടനത്തിൻ ഒരു ആദ്യപടിയിരിക്കാം ഓൺലൈൻ ക്ലാസുകൾ അമിതമായതോടെ കുട്ടികൾക്കും അധ്യാപകർക്കും ശരീരവും മാനസികവും മായ പ്രശ്നങ്ങളും വിദ്യഭ്യാസ മെഗാലപരിഹാരം കണ്ടിട്ട് യൂട്യൂബ് ക്ലാസിൽ പഠിക്കാൻ തുടങ്ങി കർഷകകുടുംബത്തിന് ഒരു വലിയ ദുരന്തം തന്നേയിരുന്നു അത് സദനങ്ങൾ ലബിക്കുന്ന ഓൺലൈൻ അപ്പുകൾ കോവിഡ് 19 വന്നതോട് എല്ലാവർക്കും പരിജയമയി.



---

## ഉപ്പിലിട്ടത്...

നിന്റെ
നിർജ്ജീവതയിൽ
ഊറ്റിയെടുത്തത്
ഞാനെന്ന സ്വത്വം

നിന്റെ രസനകൾ
കവർന്നെടുത്തെന്റെ
രസങ്ങൾ തൻ
നവ്യാനുഭൂതികൾ...

ഉടൽ മാത്രാമാക്കി
ചില്ലുപാത്രങ്ങളിൽ
നിരത്തി വച്ച
പകർപ്പുകളിൽ
സ്വൈര്യ വിഹാരം
നടത്തേവേ....

ഞാനില്ല
നീ മാത്രം
ഉപ്പോളം
വരുമോ
ഉപ്പിലിട്ടത് ?!!!

ഹൃദയരക്തമെടുത്ത്
കണ്ണീരുപ്പ് കലർന്ന്
നിന്റെ വീര്യമിരട്ടിച്ചു

പേരുമില്ലാതായ്...
വെറുമൊരു ഉപ്പിലിട്ടതായ്
എന്നേക്കുമൂറ്റി കുടിച്ചു നീ...

ആയു ദൈർഘ്യത്തിനായ്
നിന്റെ വീര്യങ്ങളിലലിഞ്ഞു പോയ
ഓർമകൾക്ക് ഞാൻ
പിണ്ഡം വച്ചു

ദിവ്യ സൗമിക

**കാവലായി എന്നും**

അച്ഛന്റെ കരുതലറിയാൻ കിട്ടിയില്ലൊ-
രവസരം ബാല്യത്തിൽ
കൊല്ലത്തിലൊരിക്കൽ വരുമ്പോൾ
സന്തോഷം നിറയുമെൻ മനം
കളിച്ചാസ്വദിച്ചു തീരും മുൻപേ
മടക്കയാത്രയ്ക്കായ് ഒരുങ്ങുമച്ഛൻ.
തിരിച്ചെത്തിക്കഴിഞ്ഞ്
എന്നോടൊത്ത് കളിച്ചില്ല , എങ്കിലും
ഞാൻ കണ്ടു , ആ മനസ്സിൽ
എന്നെ ശകാരിക്കുമ്പോൾ എന്നോടൊപ്പം
ആ മനസ്സും നൊന്തിരുന്നു.
ഞാനൊന്നു പിണങ്ങിയാൽ
സങ്കടമാണെന്റെ യച്ഛന്.
ബാല്യത്തിൽ എന്നോടൊപ്പമുള്ളതിൽ കൂടുതൽ

അച്ഛൻ നാടിനു കാവലായി നിന്നു.
കൊടിയ ചൂടിലും തണുപ്പിലും
നാടിന്നു കാവലായ് നിന്ന , ഒരു
ജവാന്റെ മകളെന്ന് പറയാൻ, കേൾക്കാൻ
അഭിമാനമാണെനിക്കെന്നും.....

ദേവിക കെ.യു

## റോബിൻസൺ ക്രൂസോയുടെ സാഹസങ്ങൾ

ലോകക്ലാസിക്കിൽ ഇന്നും മുൻപന്തിയിൽ നിൽക്കുന്നതാണ് ഡാനിയേൽ ഡിഫോയുടെ "റോബിൻസൺ ക്രൂസോയുടെ സഹസങ്ങൾ.കപ്പൽയാത്രയോടുള്ള താൽപര്യവും. നാവിനോഗനുള്ള ആഗ്രഹവും കാരണം റോബിൻസൺ ക്രൂസോ വീടുവിട്ടിറങ്ങുന്നു.എന്നാൽ ഒരു ദിവസം കപ്പൽ കൊടുങ്കാറ്റിൽ മുങ്ങിത്തായുന്നു. റോബിൻസൺ ക്രൂസോ എങ്ങെനെയോ ഒരു ദ്വീപിൽ ചെന്നടിഞ്ഞു ആൾത്താമാസമില്ലാതെ ആ കൊച്ചുദ്വീപ് പിന്നീട് റോബിൻസൺ ക്രൂസോ തന്റെ സാമ്രാജ്യം ആക്കി മാറ്റി സാഹസികവും കൗതുകവും നിറഞ്ഞ റോബിൻസൺ ക്രൂസോയുടെ ദ്വീപ് ജീവിതം ആണ് ഈ നോവലിൻ്റെ ആധാരം.ദ്വീപിൽ പെട്ട റോബിൻസൺ ക്രൂസോ തന്റെ അവസ്ഥയെ പറ്റി പരിതപിച്ചു.വിശപ്പടക്കാൻ ഒന്നും കിട്ടാത്ത പട്ടിണി കിടന്ന് മരിക്കുമെന്ന് കരുതിയിരുന്ന ക്രൂസോ കടൽ തീരത്ത് കിടന്നിരുന്ന കടലാമകളെ ഭക്ഷണമാക്കി. മനസ്സിന് കരുത്ത് നൽകി അതിജീവിക്കണമെന്ന് തീരുമാനിച്ചുകൊണ്ട് തന്റെ ജീവിതത്തിലേക്ക് സ്വയം വെളിച്ചം പകർന്നു.

താൽക്കാലികമായ ജീവിതത്തിന് അയാൾ ദ്വീപിൽ കുടിൽ കെട്ടി. കടൽതീരത്തേക്ക് വന്നടിഞ്ഞ കപ്പലിന്റെ അവശിഷ്ടങ്ങളിൽ നിന്നും കപ്പലിലെ നായയെയും എഴുതാനുള്ള മഷിയും ലഭിച്ചു. റോബിൻസൺ ക്രൂസോ തന്റെ ദ്വീപ് ജീവിതം ഡയറിയായി എഴു തിക്കൊണ്ടിരുന്നു. പിന്നീടുള്ള അയാളുടെ ജീവിതം ആദിമ മനു- ഷ്യന്റെ ജീവിതം പോലെയായിരുന്നു. ഡയറി എഴുതുന്നത് സൗകര്യപ്രദമാക്കാൻ അവൻ സ്വയം കസേരയും മേശയും വികസിപ്പിച്ചെടുത്തു. താൻ താമസിക്കുന്ന സ്ഥലം ചുറ്റിക്കാണണം എന്ന ആഗ്രഹത്തിൽ ദ്വീപ് ചുറ്റിയടിക്കുന്നു. അതിലൂടെ ഒരു ആടിനെ തന്റെ കുടിലിലേക്ക് കൊണ്ടു വന്ന് പിന്നീടൊരു ആടു ഫാമിന്റെ ഉടമയായി. കപ്പലിൽ നിന്ന് കിട്ടിയ ഗോതമ്പുപയോഗിച്ച് കൃഷി ചെയ്ത് ഒരു നല്ല കൃഷിക്കാരനായി മാറി. തന്റെ ദ്വീപ്ജീവിതത്തിലൂടെ ഒരുപാട് കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. റോബിൻസൺ ക്രൂസോയുടെ ജീവിതം സന്തുഷ്ടമായി കടന്നു പോയി. എന്നാൽ ഒരു ദിവസം തന്റെ ദ്വീപിൽ അജ്ഞാതനായ ഒരു കാൽപ്പാട് കണ്ട റോബിൻസൺ ക്രൂസോ ആകെ ഞെട്ടിത്തെറിച്ചു. അങ്ങനേയങ്ങനെ മാറുന്ന റോബിൻസൺ ക്രൂസോയുടെ ജീവിതം മാറ്റിമറിക്കുന്നു. മനോഹരമായ ഈ നോവൽ വായിക്കുമ്പോൾ റോബിൻസൺ ക്രൂസോയുടെ അത്ഭുത ദ്വീപ് കാണാൻ തോന്നും.

# മനസ്സ്

ചിലപ്പോളൊക്കെ മനസ്സ്
മണ്ണിനോട് ചേരാറുണ്ട്
വരണ്ട മണ്ണിൽ മുഖം പൂഴ്ത്തി,
നനുത്ത മഴ
തേടിയങ്ങനെ നിൽക്കും..
ഇനിയും തളിർക്കാൻ
അവശേഷിക്കുന്ന ഹൃദയത്തിനാകുമെന്ന
ഉറപ്പിൽ അതങ്ങനെ
മുഖം പൂഴ്ത്തി മണ്ണിനോട്
ചേർന്ന് നിൽക്കും..
വാനം മുട്ടെ വളരണമെന്ന
പിടിവാശി വിട്ട് എപ്പോഴും
മുകളിലേക്ക് നോക്കി നടന്ന
സമയത്തെ പഴിച്ച് അതങ്ങനെ
മണ്ണിന്റെ ആഴം അളന്ന്
മുളച്ച വേരുകളെ നോക്കി
പരാതിയില്ലാതെ
മഴ കാത്ത് അങ്ങനെ നിൽക്കും..

Digital Painting- Najimul Islam 10B




# നിധി

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു വൃദ്ധനുണ്ടായിരുന്നു. അദ്ദേഹത്തിന് മൂന്ന് മക്കളുണ്ടായിരുന്നു. ആ വൃദ്ധൻ ഒരു കഠിനാധ്വാനിയായിരുന്നു. സ്വജീവിതം സുഖകരമായിരുന്നെങ്കിലും തന്റെ മക്കളെക്കുറിച്ചോർത്ത് ആ പാവം വൃദ്ധൻ ഏറെ ദുഃ

ഖിതനായിരുന്നു. മഹാ മടിയന്മരായ തന്റെ മക്കൾ തന്നെയായിരുന്നു അതിന് കാരണക്കാർ. അങ്ങിനെയിരിക്കെ ഒരു ദിവസം വൃദ്ധൻ തന്റെ മക്കളോട് പറഞ്ഞു, "പാടത്ത് ഒരു നിധിയുണ്ടെന്ന്.” ഇക്കാര്യം അറിഞ്ഞപ്പൾ മക്കൾ അതിയായി സന്തോഷിച്ചു. ഏറെ താമസിയാതെ പാവം വൃദ്ധൻ മരിക്കുകയും ചെയ്തു. അപ്പോൾ മക്കൾ അച്ചൻ പറഞ്ഞ കാര്യം ഓർത്തു, പാടത്ത് നിധിയുള്ള കാര്യം. അങ്ങിനെ തങ്ങൾക്ക് നിധി കിട്ടണമെന്നാഗ്രഹവുമായി അവർ മൂവരും പാടത്ത് ചെന്ന് കു-ഴിക്കാൻ തുടങ്ങി. അവർ പാടം മുഴുവനും കുഴിച്ചുനോക്കി.പക്ഷേ,നിധി എവിടെയും കാ-ണാൻ കഴിഞ്ഞില്ല,നിധി കിട്ടിയില്ല. നിധി കിട്ടാതതിനാൽ അവർക്ക് നന്നേ ദേഷ്യം വരികയും ഗ്രാമത്തിലെ പാടം മുഴുവൻ അവർ നന്നായി കിളക്കാൻ തീരുമാനിക്കുകയും ചെയ്തു.ഗ്രാമത്തിലെ പാടം മുഴുവൻ കിളച്ചിട്ടും അവർക്ക് നിധി കിട്ടിയില്ല.അവസാനം അവർ വർദ്ധിച്ച ദേഷ്യത്തോടെ വീട്ടിലേക്ക് മടങ്ങി. കുറച്ചു ദിവസങ്ങൾക്കു ശേഷം പാടത്ത് കൃഷിക്കാർ വന്നു.അവർ അത്ഭുതപ്പെട്ടു. ആരാണിത് ചെയ്തതെന്നറിയാൻ അവർ ശ്രമം തുടങ്ങി. അങ്ങിനെ അവർ ആരഹസ്യം കണ്ടുപിടിച്ചു.തങ്ങളുടെ പാടം മുഴുവൻ കിളച്ചുമറിച്ച ആ മൂന്ന് സഹോദരൻമാർക്ക് കൃഷിക്കാർ നന്ദി പറ-ഞ്ഞു. അപ്പോഴാണ് അവർക്ക് മനസ്സിലായത്തങ്ങളുടെ അച്ചൻ പറഞ്ഞ നിധി അരിയാണെന്നുള്ളത്. അവർക്ക് വളരെ സന്തോഷമായി.

***********************************************

# IMPACT OF SOCIAL MEDIA ON STUDENTS



Internet has become the fundamental need of the current generation. Almost half of the population around the world these days is using internet regularly. Moreover the average numbers of uses on social media are increasing with each passing day.

Youngsters are among the top people who prefer using these channels to stay turned to the latest updates and to establish connections with near and dear ones however social media is also causing several negative impaction school and collage students. There for it is important to educate students regarding best practice as to use social media for positive result.

## Common impact of social media



Social media has became the playground for the modern generation they spent most of their time playing games,watching videos and making online connections. but somewhere they have lost their intrest in real time. many of them do not even spare time to spent with parentes and other family memebers which is causing a lack of emotional and social health.students have become prone to frequent mood swings due to social media many students are worried about their looks and that is why they always try to upload more beautiful photos than their friends. A recent survey has started that someone uploads a profile picture it immediately affect the mood of friends. It often produces stress,anxiety or fear about their identities as an individual.

When social media is used for social upliftment, learning and teaching can provide several positive out comes for school students.

But they need to analyse the difference between fake and orginal content. Reports reveal that due to excessive use of social media, plenty of school students has deviated from their personal and carrier development goals. parents need to advice their children to spent time on learning, meditation and yoga instead of wasting time on chatting, likes and shares.

**********************************************************



# 2023-24 വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾ

## പ്രവേശനോൽസവം








SmarTech IT Lab-







## സ്വാതന്ത്ര്യദിനാഘോഷം







# FREEDOM IT FEST 24









# ഓണാഘോഷം









## രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം








## സബ്ജില്ല ഐ ടി മേള വിജയികൾ




# വിമുക്തി- ലഹരിക്കെതിരെ








## സബ്ജില്ല വോളിബോൾ വിന്നേഴ്സ്






# സബ്ജില്ല ഫുട്ബോൾ റണ്ണേഴ്സ് അപ്









# ക്രിസ്തുമസ് ആഘോഷം





# ജൈവ പച്ചക്കറിത്തോട്ടം






മലപ്പുറം ജില്ലയിൽ നിന്ന് ഇന്ത്യയുടെ റിപബ്ലിക്ക്
ദിന ചടങ്ങിൽ പങ്കെടുക്കാൻ രാഷ്ട്രപതിയുടെ
ക്ഷണം കിട്ടിയ ഞങ്ങളുടെ പ്രിയ വിദ്യാർത്ഥി
വെറ്റിലപ്പാറയുടെ അഭിമാനം
ഞങ്ങളുടെ
ഹൃദയം നിറഞ്ഞ
അഭിനന്ദനങ്ങൾ
PRANEETH N
9 A
S/o PRAKASH N
Nelliayi
ജി എച്ച് എസ്
വെറ്റിലപ്പാറ
PTA STAFF

# അദ്ധ്യാപകദിനം







# സ്കൂൾ കലോൽസവം



## GALA INTER PTA FOOTBALL MATCH -2024 RUNNE RS-UP






# ധീര - പെൺകുട്ടികൾക്കുള്ള സ്വയം പ്രതിരോധ പരിശീലനവും ബോധവൽക്കരണ ക്ലാസ്സും











# <u>സ്കൂൾ സോഷ്യൽ സർവീസ് സ്കീം ക്യാമ്പ്</u>







വായന കൂട്ടം 2023 – 24
സ്കൂൾ തല ഉദ്ഘാടനം
2024 ഫെബ്രുവരി 22 വ്യാഴം 2.30ന്
എഴുത്തകം
BUDDING WRITERS
മാഗസിൻ പ്രകാശനം
പുസ്തക പ്രദർശനം
ഉദ്ഘാടനം
ശ്രീ.രാജേഷ്
ബി.പി.സി അരീക്കോട്
ജി.എച്ച്.എസ് വെറ്റിലപ്പാറ


ജി.എച്ച്.എസ് വെറ്റിലപ്പാറ
കുഞ്ഞെഴുത്ത്
ഉദ്ഘാടനം: ശ്രീ.ഉസ്മാൻ പാറക്കൽ (PTA president)
അധ്യക്ഷ: ശ്രീമതി. ലൗലി ജോൺ (ഹെഡ്മിസ്ട്രസ്)
സംയുക്ത ഡയറിക്കുറിപ്പുകൾ പ്രകാശനം
11.01.2024
വ്യാഴം 2 മണിക്ക്
ഏവർക്കും സ്വാഗതം....
പങ്കെടുക്കുന്നവർ:
നസീറ ടീച്ചർ (BRC )
ഹസീന ഫിറോസ് (MPTA )
അലിഅക്ബർ സർ (സ്റ്റാഫ് സെക്രട്ടറി)
മുനീർ സർ ( UP SRG )
നസിയ ടീച്ചർ (LP SRG )



# സ്കൂൾ വാർഷികം








നന്ദി